"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ഫോർട്ട് താലൂക്ക് ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീ. സനൽകുമാർ എൻ.-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.37/2025/H&FWD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:-

1. സ.ഉ. (അച്ചടി) നം. 55/2020/ആ.കു.വ തീയതി 16.09.2020.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.02.2024, 10.12.2024 തീയതികളിലെ ഡി.എച്ച്എസ് /17122/2023-ഇസി4 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ആയ ശ്രീ.സനൽകുമാർ എൻ. 07.10.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിനാൽ ടിയാനെതിരെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ 1960-ലെ കെ.സി.എസ്(സി.സി&എ) ചട്ടം 15 പ്രകാരം കുറ്റാരോപണമെമ്മോ നൽകിക്കൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കുറ്റാരോപണ മെമ്മോക്ക് സമർപ്പിച്ച പ്രതിവാദ പത്രികയിൽ, ടിയാൻ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും പരാമർശം (1)-ൽ വ്യവസ്ഥ ചെയ്തതിൻ പ്രകാരം മുദ്രപത്രത്തിലുള്ള ബോണ്ട് സഹിതം പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. അച്ചടക്ക നടപടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ കുറ്റാരോപണമെമ്മോക്ക് ശ്രീ.സനൽകുമാർ എൻ. സമർപ്പിച്ച പ്രതിവാദ പത്രികയിൽ മാനസിക അസ്വാസ്ഥ്യം കാരണം ആയുർവേദ ചികിത്സയിലായിരുന്നു എന്നും ഇപ്പോൾ അസുഖം പൂർണ്ണമായും ഭേദമായി എന്നും അറിയിച്ചിരുന്നു. പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ

മെഡിക്കൽ ബോർഡ് മുഖേന പരിശോധിച്ചതിൽ, ടിയാന് നിലവിൽ മാനസികവും പെരുമാറ്റപരവുമായ പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ തുടരുന്നതിന് ഫിറ്റ് ആണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാനെതിരെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ആരംഭിച്ച അച്ചടക്ക നടപടി തുടർന്നുവരുന്നുവെന്നും ശ്രീ.സനൽകുമാർ എൻ.-നെ അച്ചടക്ക നടപടിക്ക് വിധേയമായി സർവീസിൽ പുനപ്രവേശിപ്പിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, അച്ചടക്ക നടപടിയ്ക്ക് വിധേയമായി തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ആയിരിക്കവേ 07.10.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീ.സനൽകുമാർ എൻ.-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പുന:പ്രവേശന അപേക്ഷയോടൊപ്പം അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള മുദ്രപത്രത്തിലുള്ള ബോണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. പുനഃപ്രവേശനം നേടുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതാ വിവരം ടിയാന്റെ സേവന പുസ്തകത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബാദ്ധ്യതാ രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ശ്രീ.സനൽകുമാർ എൻ.-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

4. അപേക്ഷകനെതിരെയുള്ള അച്ചടക്കനടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതും തീർപ്പാകുന്ന മുറയ്ക്ക് ടിയാളുടെ അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനായുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഒറിജിനൽ ബോണ്ട് സഹിതം).

ശ്രീ. സനൽകുമാർ. എൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം.

സൂപ്രണ്ട്, ഫോർട്ട് താലൂക്കാശുപത്രി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി - F2/80/2024-HEALTH ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 29-01-2025 11:23:44
സെക്ഷൻ ഓഫീസർ